**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി സമയബന്ധിതമായി തന്നെ വിലയിരുത്താറുണ്ട്. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി ,വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളുമായി ഏകോപിപ്പിച്ച് ഒരു സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. 3,01,912 വീടുകളുടെ നിർമ്മാണം 20.08.2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 24,635 വിടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭൂരഹിത ഭവനരഹിതരുടെ പുനര:ധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 29 ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും പുരോഗമിക്കുന്നു. |
| (ബി) | ലൈഫ് മിഷന്റെ രണ്ടാം ഘട്ടം സംബന്ധിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്.<br><br>ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/ വാർഡ്സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടും കൂടി (പ്രതികൂലമായ കാലാവസ്ഥ മൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 3,11,133 ഗുണഭോക്താക്കളും ഭൂരഹിതഭവന രഹിതരായി |

| | | | |
|---|---|---|---|
| | | | 1,51,478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ മൂലവും അന്തിമ ഗുണഭോക്തൃ പട്ടികപ്രസിദ്ധീകരിക്കുവാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതി നുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 168 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കി യിട്ടുണ്ട്.തിരുവനന്തപുരം കോർപ്പറേഷനും മട്ടന്നൂർ,ചാലക്കുടി മുനിസിപ്പാലിറ്റികളും ഇനി ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ അവശേഷിക്കുന്നു. |
| (സി) | ഭൂരഹിത, ഭവനരഹിതരുടെ പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടെ ഭൂമി കണ്ടെത്തുന്നതിന് ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഭൂരഹിത, ഭവനരഹിതരുടെ പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടെ ഭൂമി കണ്ടെത്തുന്നതിന് ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിന്റെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തുന്നുണ്ട്. 20.08.2022 വരെ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി 1778.721 സെന്റ് ഭൂമി ലൈഫ് മിഷന് ലഭ്യമായിട്ടുണ്ട്/ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ